**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 180** **12-10-2026-ൽ മറുപടിയ്ക്ക്**

**"പ്രതീക്ഷാ ഹോസ്പിറ്റൽസ്"എന്ന പേരിൽ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. വി. ശാന്തകുമാർ ശ്രീ. കെ. മുരളീധരൻ

ശ്രീ. എം. ആർ. ബൈജു (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് 24×7 അടിസ്ഥാനത്തിൽ 20 സ്പെഷ്യാലിറ്റി ആശുപത്രികൾ നടപ്പിലാക്കുന്നതിനായി "പ്രതീക്ഷാ ഹോസ്പിറ്റൽസ്" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ഉണ്ട്. സംസ്ഥാനത്ത് 24x7 അടിസ്ഥാനത്തിൽ 20 സ്പെഷ്യാലിറ്റി സേവനങ്ങൾ ഏർപ്പെടുത്തുന്നതിനായി ഓരോ ജില്ലയിൽ നിന്നും രണ്ട് വീതം ആകെ 28 പ്രധാന ആശുപത്രികളെ (ജനറൽ ജില്ലാ, താലൂക്ക് ആസ്ഥാന ആശുപത്രികൾ) രണ്ട് ഘട്ടങ്ങളിലായി തെരഞ്ഞെടുത്തിണ്ടുണ്ട്. ആദ്യപടിയായി കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 01/09/2026 മുതൽ സ്പെഷ്യാലിറ്റി കാഷ്വാലിറ്റി സേവനം ആരംഭിച്ചു. ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ വിഭാഗങ്ങളിലായി 10 സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ആശുപത്രികളിലാണ് 24×7 സ്പെഷ്യാലിറ്റി സേവനങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്; ആശുപത്രികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു

**(സി)** പ്രസ്തുത ആശുപത്രികളിൽ 24×7 സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ ലഭ്യത ഉറപ്പാക്കുന്നതിനും നിയമനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

**മറുപടി:** പ്രസ്തുത ആശുപത്രികളിൽ 24×7 സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ താഴെ പറയുന്ന (എണ്ണം ഉൾപ്പെടെ) തസ്തികകൾ സൃഷ്ടിക്കുന്നതിനായി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

ജൂനിയർ കൺസൾട്ടന്റ് -1120

കൺസൾട്ടന്റ് -60

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -510

നഴ്സിംഗ് ഓഫീസർ-360

നഴ്സിംഗ് അസിസ്റ്റന്റ്-260

ഹോസ്പിറ്റൽ അറ്റൻഡന്റ് -377

**(ഡി)** പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, മരുന്നുകൾ, ലബോറട്ടറി, ഡയഗ്നോസ്റ്റിക് സംവിധാനങ്ങൾ, അടിയന്തര സേവനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

**മറുപടി:** പ്രതീക്ഷാ കേന്ദ്രങ്ങളായി ഉയർത്താൻ തിരഞ്ഞെടുത്തിരിക്കുന്നത് പരമാവധി അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള സ്ഥാപനങ്ങളെയാണ്.

കൂടാതെ ജില്ലാ ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി "DEVELOPING SUPER SPECIALITY FACILITIES IN SELECTED DISTRICT/ GENERAL HOSPITALS" എന്ന പദ്ധതിയിലൂടെ തെരഞ്ഞെടുത്ത ജില്ലാ/ ജനറൽ ആശുപത്രികളിലേയ്ക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ KMSCL മുഖേന വാങ്ങി നൽകിവരുന്നുണ്ട്. കൂടാതെ CT സ്കാൻ, Cath Lab സൗകര്യങ്ങളും ക്രമീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| SL No | District | Phase I | Phase II |
|---|---|---|---|
| 1. | Thiruvananthapuram | GH Thiruvananthapuram | GH Neyyattinkara |
| 2. | Kollam | THQH Punalur (Pilot) | DH Kollam |
| 3. | Pathanamthitta | GH Pathanamthitta | DH Kozhenchery |
| 4. | Alappuzha | GH Alappuzha | THQH Kayamkulam |
| 5. | Kottayam | GH Kanjirappally | GH Pala |
| 6. | Idukki | THQH Adimaly | DH Thodupuzha |
| 7. | Ernakulam | GH Ernakulam | GH Muvattupuzha |
| 8. | Thrissur | GH Thrissur | THQH Chalakkudy |
| 9. | Palakkad | DH Palakkad | Govt. Tribal Specialty Hospital Kottathara |
| 10. | Malappuram | DH Tirur | DH Nilambur |
| 11. | Kozhikkode | GH Kozhikkode | DH Vadakara |
| 12. | Wayanad | THQH Sulthan Bathery | DH Kalpetta |
| 13. | Kannur | DH Kannur | GH Thalassery |
| 14. | Kasargod | DH Kanhandad | GH Kasargod |